**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ ആധുനിക സാങ്കേതികവിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ആധുനിക സാങ്കേതികവിദ്യകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കർഷകർക്കായി നിരവധി സേവനങ്ങൾ വർഷങ്ങളായി നൽകി വരുന്നുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നിലവിൽ ടി സേവനങ്ങൾ ആധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ കാർഷിക മേഖലയെ സമഗ്രമായി മാറ്റുന്നതിനായി രൂപീകരിച്ച ഡിജിറ്റലൈസേഷൻ പദ്ധതിയാണ് കേരള കൃഷി ഹബ്ബ്. ഈ പദ്ധതി കേന്ദ്ര ഡിജിറ്റൽ കാർഷിക മിഷന്റെ ഭാഗമായി വികസിപ്പിച്ചിട്ടുള്ള അഗ്രിസ്റ്റാക്കിന്റെ ആവശ്യം നിറവേറ്റുന്നതും, കാർഷിക, കാർഷികേതര വിഭവ സ്രോതസ്സുകളുടെ വിവരശേഖരണം നടത്തുകയും അതുവഴി ഭാവിയിൽ നയം-പദ്ധതി രൂപീകരണം, ഗവേഷണം മുതലായ കാര്യങ്ങൾക്ക് ഉപകാരപ്രദം ആവുന്ന തരത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്. അഗ്രി സ്റ്റാക്കിന്റെ ഭാഗമായി ഫാർമേഴ്സ് രജിസ്ട്രി രൂപീകരണവും ഡിജിറ്റൽ ക്രോപ്പ് സർവ്വെയും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി കതിർ (Kerala Agriculture Technology Hub and Information Repository) സോഫ്റ്റ്‌വെയറും, മൊബൈൽ ആപ്പും സജ്ജമായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ കാർഷിക വിവരങ്ങളും സംയോജിപ്പിച്ചും കാർഷിക കാലാവസ്ഥ മേഖലാ ആസൂത്രണം നടപ്പിലാക്കിയും നിർമ്മിത ബുദ്ധി/ ഉപഗ്രഹ വിവരം ഉപയോഗിച്ച് കൃഷിയിട അതിർത്തികൾ നിർണ്ണയിച്ചും തയ്യാറാക്കിയിരിക്കുന്ന ഈ പ്ലാറ്റ്ഫോം ഓരോ ഘട്ടത്തിലും അനുയോജ്യമായ വിള വിഭവ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്നു. |

വിള തെരഞ്ഞെടുപ്പിൽ നിന്ന് വിപണന ബന്ധം വരെയും, യന്ത്രവത്കരണ ആസൂത്രണം മുതൽ സർക്കാർ പദ്ധതി നടപ്പിലാക്കൽ വരെയും കർഷകർക്ക് വാണിജ്യ നേട്ടം നൽകിക്കൊണ്ട് കൃഷിയെ പരിവർത്തനം നടത്തുന്നതിൽ മുഖ്യപങ്ക് വഹിക്കും. കാർഷികമേഖലയിൽ ലഭ്യമായിട്ടുള്ള വിവിധ വിവരസ്രോതസ്സുകൾ സംയോജിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൂന്ന് ഘട്ടങ്ങളായി നിർവ്വഹണം നടത്തുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചു. 27 മൊഡ്യൂളുകൾ ഈ പദ്ധതിയിൽ ഉണ്ട്.

ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഏകീകൃത കാർഷികവിവര സാങ്കേതം.

2. ജിയോപോർട്ടലും, മൊബൈൽ ആപ്ലിക്കേഷനും,

3. നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി കൃഷിയിടങ്ങളുടെ അതിര് നിർണ്ണയം.

4. ഏകീകൃത കർഷക വിവരം.

5. കാലാവസ്ഥാധിഷ്ഠിത വിള ആസൂത്രണം.

6. കാർബൺ ന്യൂട്രൽ, കാർബൺ ക്രെഡിറ്റും.

7. കർഷക , ഉദ്യോഗസ്ഥ ഡാഷ്ബോർഡുകൾ.

8. കാർഷികോപദേശ സേവനങ്ങൾ.

9. കൃഷി ഭൂമിയുടെ സജ്ജീകരണം.

10. വിളയുടെ വിവിധ വളർച്ചാസമ്മർദങ്ങൾ മനസ്സിലാക്കിയുള്ള ഉപദേശങ്ങൾ.(വിള വിതയ്ക്കുമ്പോൾ ഉള്ള ഉപദേശങ്ങൾ (മഴയെ ആശ്രയിച്ചുള്ള കൃഷി))

11. കാലാവസ്ഥാ മുന്നറിയിപ്പുകൾ.

12. രോഗ/കീടങ്ങളെ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ

13. മണ്ണിന്റെ ഫലഭൂയിഷ്ഠതയും മണ്ണ് പരിശോധന കാർഡ് അധിഷ്ഠിത പോഷക ശിപാർശകളും.

14. ഉൽപ്പന്നോപാധികളുടെ പരിപാലനം.

15. വിളയുടെ നാശനഷ്ടം റിപ്പോർട്ട് ചെയ്യുക.

16. വിദൂര നിരീക്ഷണം (റിമോട്ട് സെൻസിങ്) ഉപയോഗിച്ചുള്ള വിള വർഗ്ഗീകരണവും, വിസ്തൃതി കണക്കാക്കലും.

| | | | |
|---|---|---|---|
| | | | 17. വിള ആരോഗ്യ നിരീക്ഷണം.<br><br>18. വിള ഉത്പാദനം കണക്കാക്കലും, ഉത്പാദന കൂട്ടങ്ങളുടെ കൈകാര്യവും.<br><br>19. മണ്ണിന്റെ ഈർപ്പാധിഷ്ഠിത ജലസേചനം.<br><br>20. വിദൂര നിരീക്ഷണം (റിമോട്ട് സെൻസിങ്) ഉപയോഗിച്ചുള്ള വിളവെട്ടുപ്പ് നിർണ്ണയം.<br><br>21. കാലാവസ്ഥാ കെടുതികൾ സംബന്ധിച്ച് മുന്നറിയിപ്പ്.<br><br>22. വിള പരിരക്ഷ.<br><br>23. കേന്ദ്രീകൃത ധനവിതരണ സംവിധാനം.<br><br>24. കൃഷിയിട യന്ത്രവത്കരണം.<br><br>25. കർഷകർക്കുള്ള സഹായ സേവനം(ഹെല്പ് ഡെസ്ക്)<br><br>26. ഇലക്ട്രോണിക് വിപണന സംവിധാനങ്ങളുമായുള്ള സംയോജനം.<br><br>27. ജലസേചന സമയം അറിയുന്നതിനുള്ള ജലവിഭവ വിവരങ്ങൾ (ജലലഭ്യത, ജല വിതരണം തുടങ്ങിയവ). |
| (ബി) | വിദേശരാജ്യങ്ങളിൽ ഉപയോഗിച്ചുവരുന്ന നവീന കാർഷിക സാങ്കേതികവിദ്യകൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ; | (ബി) | വിവിധ ആധുനിക സങ്കേതങ്ങൾ കൃഷി വകുപ്പിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയിലൂടെ 14 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്ക് 75% സബ്സിഡി നിരക്കിൽ 14 ഡ്രോണുകൾ അനുവദിക്കുകയും കർഷകർക്ക് ഇത് പ്രയോജനപ്പെടുത്താൻ ഡെമോൺസ്ട്രേഷൻ നടത്തുകയും ചെയ്യുന്നു. SMAM പദ്ധതിയുടെ ഭാഗമായി, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി 29 കിസാൻ ഡ്രോണുകൾ വ്യക്തിഗത ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>കൃഷിയിടത്തിൽ ഡ്രോൺ ഉപയോഗം കർഷകരെ പരിചയപ്പെടുത്തുന്നതിനായി 14 ജില്ലകളിലായി 29 സ്ഥലങ്ങളിൽ 149.40 ഹെക്ടർ കൃഷിയിടത്തിൽ ഡ്രോൺ ഡെമോൺസ്ട്രേഷൻ കാർഷിക എഞ്ചിനീയറിങ് വിഭാഗം നേരിട്ട് നടത്തിയിട്ടുണ്ട്. കൂടാതെ FPOകൾ മുഖേന 3314.27 ഹെക്ടർ കൃഷിയിടത്തിൽ ഡ്രോൺ ഡെമോൺസ്ട്രേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ വിയറ്റ്നാം സന്ദർശനത്തെ തുടർന്ന് വിയറ്റ്നാമിൽ നിന്നും നിരീക്ഷിച്ച കൃഷി രീതികളുടെ മാതൃക കണ്ണൂർ പന്നിയൂർ കുരുമുളക് കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.<br><br>പച്ചക്കറികളുടെയും പുഷ്പവിളകളുടെയും ഹൈടെക് കൃഷി സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിന് ഇൻഡോ ഡച്ച് കർമ്മ പദ്ധതിയുടെ ഭാഗമായി ഒരു മികവിന്റെ കേന്ദ്രം (Centre for Excellence) വയനാട് ജില്ലയിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ സ്ഥാപിതമായിട്ടുണ്ട്. |
| (സി) | കർഷകർക്ക് ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത കൃഷിരീതികളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കൃത്യതാ കൃഷി, ഡ്രോൺ ഉപയോഗം എന്നീ വിഷയങ്ങളിൽ കേരള കാർഷിക സർവ്വകലാശാല കർഷകർക്കായി പരിശീലനങ്ങൾ നടത്തി വരുന്നു.<br><br>കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിരീതികളിൽ പരിശീലനം നൽകുന്നതിനായും കർഷകർക്ക് കാർഷികവൃത്തിയെ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായും പരിശീലനം നൽകി വരുന്നു. 2023-24 സാമ്പത്തിക വർഷം കർഷകർക്കായി 143 പരിശീലന പരിപാടികൾ നടത്തിയിരുന്നു.<br><br>കൂടാതെ ആത്മ പദ്ധതി വഴിയും കർഷകർക്ക് വിജ്ഞാന വ്യാപനത്തിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ട്രെയിനിങ് സെന്ററുകൾ വഴി കർഷകർക്ക് താമസ സൗകര്യം, ഭക്ഷണം ഇവ ലഭ്യമാക്കി ശാസ്ത്രീയ രീതിയിലുള്ള പച്ചക്കറി കൃഷി, മണ്ണ് സംരക്ഷണം, ചെറുകിട കർഷകർക്ക് കൃഷിയിൽ നിന്നും വരുമാനം വർധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങളുടെ സംസ്കരണം, നെൽകൃഷി, സുഗന്ധവിളകൾ, തെങ്ങുകൃഷി, സംയുക്ത കൃഷി രീതികൾ, തേനീച്ച കൃഷി, കൂൺ കൃഷി, ഗാർഡനിങ്, ലാന്റ്സ്കേപ്പിംഗ്, ഹൈടെക് ഫാർമിംഗ്, പ്രെസിഷൻ ഫാർമിംഗ്, ഇറിഗേഷൻ സിസ്റ്റം, നല്ല കൃഷി മുറകളും ജൈവ കൃഷി രീതികളും തുടങ്ങിയ കാർഷിക സംബന്ധമായ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു. കൂടാതെ ആത്മ പദ്ധതി വഴി കർഷകർക്ക് ട്രെയിനിങ്, പഠനയാത്രകൾ, ഡെമോൺസ്ട്രേഷനുകൾ, ഫാം സ്കൂളുകൾ തുടങ്ങിയവ നടത്തുന്നതിലൂടെ വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നു. മാത്രവുമല്ല സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടത്തുന്ന മേളകൾ, എക്സിബിഷനുകൾ എന്നിവയും വിജ്ഞാന വ്യാപനത്തെ ശക്തിപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| (ഡി) | കൃഷിയിടങ്ങളിൽ ആധുനിക ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം സാമ്പത്തിക-നൈപുണ്യ വികസന സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നത്; വിശദമാക്കുമോ? | (ഡി) | കൃഷിയിടങ്ങളിൽ ആധുനിക ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പല സംസ്ഥാനാവിഷ്കൃത പദ്ധതികളിലായി സാമ്പത്തിക നൈപുണ്യ വികസന സഹായങ്ങൾ കൃഷി വകുപ്പ് നൽകിവരുന്നു. നൂതനവും ശാസ്ത്രീയവുമായ കൃഷി രീതികളെ കുറിച്ചുള്ള അവബോധം കർഷകരിൽ സൃഷ്ടിക്കുവാനും ഇത്തരത്തിലുള്ള മുറകൾ പ്രോത്സാഹിപ്പിക്കുവാനും പ്രത്യേകം കാർഷിക വിജ്ഞാന വ്യാപന പദ്ധതികൾ (Agricultural Extension Programmes), മാനവ ശേഷി വികസനം എന്നീ പദ്ധതികൾ വഴി നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ട പുതിയ സാങ്കേതികവിദ്യകൾ പരിശീലനങ്ങളിലൂടെയും, പ്രദർശന മേളകളിലൂടെയും കർഷകരിൽ എത്തിക്കുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിലൂടെ കാർഷിക വിവര വിനിമയവും പദ്ധതിയുടെ ഭാഗമായി ആധുനിക കൃഷി രീതികളും അറിവുകളും കേരള കർഷകൻ പോലുള്ള പ്രസിദ്ധീകരണങ്ങൾ വഴിയും ശ്രവ്യ-ദൃശ്യ മാധ്യമങ്ങൾ വഴിയും കർഷകർക്ക് യഥാസമയം പകർന്നു നൽകുന്നുണ്ട്.<br><br>കാർഷിക മേഖലയിലെ ഡ്രോണുകളുടെ ഉപയോഗം തൊഴിൽ കാര്യക്ഷമതയുടെയും ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തിന്റെയും ഇരട്ട ഗുണങ്ങൾ ഉൾക്കൊള്ളുന്ന ഒരു തെളിയിക്കപ്പെട്ട സാങ്കേതിക വിദ്യയാണ്. നെൽ കൃഷിയിൽ ഡ്രോണുകൾ ഉപയോഗിച്ചുള്ള സൂക്ഷ്മ മൂലകങ്ങളുടെ പത്ര പോഷണത്തിന് നെൽ കൃഷി വികസന പദ്ധതിയിൽ സഹായം നൽകി വരുന്നു. പരമ്പരാഗത കൃഷിരീതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, ശരാശരി വിളവ് വർദ്ധിപ്പിക്കുന്നതിന് കൃത്യമായ അളവിൽ ഉല്പാദനോപാധികൾ ഉപയോഗിക്കുന്ന ഒരു സമീപനമാണ് കൃത്യതാ കൃഷി അല്ലെങ്കിൽ പ്രിസിഷൻ ഫാമിംഗ്. ഈ കൃഷി രീതിയിലൂടെ ഉല്പാദനം കൂടുന്നതിനോടൊപ്പം ഉല്പാദന ചെലവുകൾ കുറയുകയും ചെയ്യും. 2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "ഉറസ്സായ കൃഷിയിടങ്ങളിലെ കൃത്യതാ കൃഷി" എന്ന ഘടകം നടപ്പിലാക്കി വരുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ കൃഷി വകുപ്പ് ഫാമുകളിൽ സങ്കരയിനം പച്ചക്കറി വിത്ത് ഉത്പാദനം 2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കനത്ത മഴയും |

തീവ്രമായ സൗരവികിരണവും പോലുള്ള പ്രതികൂല സാഹചര്യങ്ങളിൽ നിന്ന് സംരക്ഷിച്ചുകൊണ്ട് മഴമറകൾ വർഷം മുഴുവനും പച്ചക്കറികളുടെ ഉത്പാദനത്തിന് സഹായിക്കുന്നു. പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മഴമറകൾക്ക് പ്രോത്സാഹനം നൽകി വരുന്നു. ഇത്തരത്തിൽ കൃഷി വകുപ്പ് ആധുനിക ഫാമിംഗ് സൗകര്യങ്ങൾക്ക് സഹായങ്ങൾ നൽകുന്നുണ്ട്.

കൃഷിയിടങ്ങളിൽ ആധുനിക ഫാമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന കേന്ദ്രസംസ്ഥാന പദ്ധതികളിലൂടെ സാമ്പത്തിക-നൈപുണ്യ വികസന സഹായങ്ങളാണ് വകുപ്പ് നൽകിവരുന്നത്:

1. പെർ ഡ്രോപ്പ് മോർ ക്രോപ്പ് സ്കീം

2. സബ് മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (Sub Mission on Agriculture Mechanisation)

3. സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ (Agriculture Technology Management Agency)

4. മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ

5. ഡിജിറ്റൽ ക്രോപ്പ് സർവ്വേ

6. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF)

കൃഷി ഇടങ്ങളിൽ ആധുനിക ഫാർമിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. പരിശീലനം ലഭിച്ച കൃഷി ഉദ്യോഗസ്ഥർ കർഷകരുടെ നൈപുണ്യ വികസനത്തിന് സഹായകരമാം വിധം പ്രവർത്തിക്കും. കൃഷിവകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം പ്രധാനമായും SAMETI (State Agriculture Management and Extension Training Institute) വഴിയാണ്. കൂടാതെ കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെ മാനവ വിഭവശേഷി വികസനത്തിനായി IMG വഴിയും പരിശീലനങ്ങൾ നൽകാറുണ്ട്.

ദേശീയതലത്തിലെ പരിശീലനകേന്ദ്രങ്ങൾ ആയ Extension Education Institute - ഹൈദരാബാദ്, MANAGE ഹൈദരാബാദ്, സെൻട്രൽ ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ബോർഡ് &

| | | | | |
|---|---|---|---|---|
| | | | | ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫരീദാബാദ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ളാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), CWRDM (Center for Water Resouce Development and Management), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് എന്നീ സ്ഥാപനങ്ങൾ വഴിയും ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കുന്നുണ്ട്.<br><br>കൃഷി ഉദ്യോഗസ്ഥർക്കായി വിളകളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻ ഹെൽത്ത് മാനേജ്മെന്റ് (NIPHM) ഹൈദരാബാദുമായി സഹകരിച്ച് ഒരു Post Graduate Diploma കോഴ്സും, MANAGE ഹൈദരാബാദുമായി സഹകരിച്ച് എക്സ്റ്റൻഷൻ മാനേജ്മെന്റിൽ ഡിപ്ലോമ കോഴ്സുകളും, ഫെർട്ടിലൈസർ ഇൻപുട്ട് ഡീലേഴ്സിനു MANAGE ഹൈദരാബാദുമായി സഹകരിച്ച് Diploma in Agricultural Extension Services for Input Dealers (DAESI) എന്ന പരിശീലനവും സമേതിയിൽ സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ